**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5292** **02-11-2021 - ൽ മറുപടിയ്ക്ക്**

**കായിക വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അംഗൻവാടി മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള മേഖലയിൽ കായിക വിദ്യാഭ്യാസത്തിന് പുതിയ നയം രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കായിക രംഗത്തെ കേരളത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തെ ഉയർത്തി പിടിക്കാനും കായിക രംഗത്തെ പുതിയ വികാസങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ഒരു പുതിയ കായിക നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായിക രംഗത്തിന്റെ പുരോഗതിക്കായി ഒരു വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകുകയും പുതിയ കായിക നയത്തിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുമുണ്ട്. സ്പോർട്സ് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വികസന പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പുതിയ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി ബഹു.കായിക, വിദ്യാഭ്യാസ മന്ത്രിമാർ 22.09..2021ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്കായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കുന്നതിലേയ്ക്കായി കരിക്കുലം കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും പൊതു സിലബസ്സിനോടൊപ്പം കായിക വിഷയങ്ങൾ കൂടി അധികമായി സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണവേളയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതിയിൽ ആവശ്യമായ ഉൾച്ചേർക്കലുകൾ വരുന്നതാണ്. ഇതിലേക്ക് ആവശ്യമായ ഗവേഷണ പഠനങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിക്കുന്ന |

| | | | |
|---|---|---|---|
| | | | പാഠ്യപദ്ധതിയ്ക്ക് അനുഗുണമാകുന്ന തരത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതായിരിക്കും. കായിക നയം രൂപീകരിക്കുന്നതിനു കായിക രംഗത്തെ വിദഗ്ധരുൾപ്പെട്ട ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ചും കരട് കായികനയം തയ്യാറാക്കുന്നതിനും കോർ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്. |
| (ബി) | കായിക വിദ്യാഭ്യാസത്തിന് അന്താരാഷ്ട്ര നിലവാരത്തിലുള്ള കരിക്കുലം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | കായിക രംഗത്തെ കേരളത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തെ ഉയർത്തി പിടിക്കാനും കായിക രംഗത്തെ പുതിയ വികാസങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ഒരു പുതിയ കായിക നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായിക രംഗത്തിന്റെ പുരോഗതിക്കായി ഒരു വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകുകയും പുതിയ കായിക നയത്തിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുമുണ്ട്. സ്പോർട്സ് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വികസന പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പുതിയ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി ബഹു.കായിക, വിദ്യാഭ്യാസ മന്ത്രിമാർ 22.09..2021ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്കായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കുന്നതിലേയ്ക്കായി കരിക്കുലം കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും പൊതു സിലബസ്സിനോടൊപ്പം കായിക വിഷയങ്ങൾ കൂടി അധികമായി സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണവേളയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതിയിൽ ആവശ്യമായ ഉൾച്ചേർക്കലുകൾ വരുന്നതാണ്. ഇതിലേക്ക് ആവശ്യമായ ഗവേഷണ പഠനങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയ്ക്ക് അനുഗുണമാകുന്ന തരത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതായിരിക്കും. കായിക നയം രൂപീകരിക്കുന്നതിനു കായിക രംഗത്തെ വിദഗ്ധരുൾപ്പെട്ട ഒരു വിദഗ്ധ സമിതിയെ |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചും കരട് കായികനയം തയ്യാറാക്കുന്നതിനും കോർ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്. |
| (സി) | എങ്കിൽ കായിക മേഖലയിലെ ദേശീയ, അന്തർദേശീയ തലങ്ങളിലുള്ള നൂതന സംവിധാനങ്ങളെക്കുറിച്ച് അറിവുള്ളവരെക്കൂടി കരിക്കുലം കമ്മിറ്റിയിൽ ഉൾപ്പെടുത്തി പ്രസ്തുത കരിക്കുലം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ? | (സി) | കായിക രംഗത്തെ കേരളത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തെ ഉയർത്തി പിടിക്കാനും കായിക രംഗത്തെ പുതിയ വികാസങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ഒരു പുതിയ കായിക നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായിക രംഗത്തിന്റെ പുരോഗതിക്കായി ഒരു വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകുകയും പുതിയ കായിക നയത്തിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുമുണ്ട്. സ്പോർട്സ് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വികസന പദ്ധതികൾ ഉപയോഗപ്പെടുത്തുന്ന രീതിയിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പുതിയ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനായി ബഹു.കായിക, വിദ്യാഭ്യാസ മന്ത്രിമാർ 22.09..2021ൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയ്ക്കായി എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ പ്രത്യേക സിലബസ് തയ്യാറാക്കുന്നതിലേയ്ക്കായി കരിക്കുലം കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും പൊതു സിലബസ്സിനോടൊപ്പം കായിക വിഷയങ്ങൾ കൂടി അധികമായി സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണവേളയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പാഠ്യപദ്ധതിയിൽ ആവശ്യമായ ഉൾച്ചേർക്കലുകൾ വരുന്നതാണ്. ഇതിലേക്ക് ആവശ്യമായ ഗവേഷണ പഠനങ്ങൾ എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിക്കുന്ന പാഠ്യപദ്ധതിയ്ക്ക് അനുഗുണമാകുന്ന തരത്തിലുള്ള അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതായിരിക്കും. കായിക നയം രൂപീകരിക്കുന്നതിനു കായിക രംഗത്തെ വിദഗ്ധരുൾപ്പെട്ട ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ചും കരട് കായികനയം തയ്യാറാക്കുന്നതിനും കോർ ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ